**111/2026-M**

ചോദ്യ പുസ്തക അക്ഷര കോഡ് **A**

ചോദ്യ പുസ്തക ക്രമ നമ്പർ 100225

ചോദ്യങ്ങളുടെ ആകെ എണ്ണം : 100

സമയം : 75 മിനിട്ട്

പരമാവധി മാർക്ക് : 100

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക ചതുരത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള അക്ഷര ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമ നമ്പർ പുറംചട്ടയുടെ വലതു വശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടെങ്കിൽ അക്കാര്യം പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ഓരോ ചോദ്യത്തിനും ശരിയുത്തരം ഉൾപ്പെടെ **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാസമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് അസിസ്റ്റന്റ് സൂപ്രണ്ടിനെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല. പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ട് രജിസ്റ്റർ നമ്പർ കോഡിംഗ് ഷീറ്റിലെ വിവരങ്ങൾ പരിശോധിച്ച് ഒപ്പ് രേഖപ്പെടുത്തുന്ന കാര്യം ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

SEAL

Maximum : 100 marks

Time : 1 മണിക്കൂർ 15 മിനിട്ട്

1. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ആനുകൂല്യങ്ങൾ കർഷകർക്ക് നേരിട്ട് ലഭ്യമാക്കുന്ന ഏകീകൃത ഡിജിറ്റൽ സംവിധാനത്തിന്റെ പേരെന്ത്?

   (A) ഇ-ഗ്രാമസ്വരാജ് (B) പഞ്ചം

   (C) ഇഗ്രൈറ്റ് (D) അഗ്രിസ്റ്റാക്ക്

2. 2025-ലെ രാജ്യത്തെ മികച്ച ബ്ലോക്ക് പഞ്ചായത്തിനുള്ള 'നാനാജി ദേശ്മുഖ് സർവോത്തം പഞ്ചായത്ത് സതത് വികാസ്' പുരസ്കാരം ലഭിച്ച കേരളത്തിലെ ബ്ലോക്ക് പഞ്ചായത്ത് ഏത്?

   (A) ഹരിപ്പാട് (B) മേലുകാവ്

   (C) നിരണം (D) ഒറ്റൂർ

3. 2026 ജൂലായ് ഒന്നിന് പ്രാബല്യത്തിൽ വരുന്ന 'വികസിത് ഭാരത് ഗ്യാരന്റി ഫോർ റോസ്ഗാർ അജീവിക മിഷനിൽ' (വി.ബി.ജി.റാം ജി.) എത്ര ദിവസത്തെ തൊഴിൽ ദിനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്?

   (A) 100 (B) 125

   (C) 140 (D) 160

4. റോഡ് അപകടങ്ങളിൽ പരിക്കേറ്റ് ആശുപത്രികളിലെത്തുന്നവർക്ക് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച സൗജന്യ സഹായ പദ്ധതി ഏത്?

   (A) പി.എം. ജീവൻ ജ്യോതി ബീമാ യോജന

   (B) ഇ-ശ്രം

   (C) പി.എം. ജൻ ആരോഗ്യ യോജന

   (D) പി.എം. രാഹത്ത്

5. 2011-ലെ സെൻസസ് പ്രകാരം ഇന്ത്യയിലെ ശിശുലിംഗാനുപാതം എത്ര?

(A) 914
(B) 927
(C) 940
(D) 945

6. ഇന്ത്യയുടെ ദേശീയഗീതമായ 'വന്ദേമാതരം' ആദ്യമായി പ്രസിദ്ധീകരിച്ചത് എന്ന്?

(A) 1875
(B) 1882
(C) 1896
(D) 1950

7. ആൻഡമാൻ നിക്കോബാറിലെ ഏത് ദ്വീപിലാണ് കടലിനടിയിൽ ലോകത്തിലെ ഏറ്റവും വലിയ ദേശീയ പതാക സ്ഥാപിച്ച് ഗിന്നസ് റെക്കോർഡ് നേടിയത്?

(A) ലിറ്റിൽ ആൻഡമാൻ
(B) നീൽ ദ്വീപ്
(C) റോസ് ദ്വീപ്
(D) സ്വരാജ് ദ്വീപ്

8. ലോകത്ത് ആദ്യമായി ഹാന്റ വൈറസ് ബാധ കണ്ടെത്തിയ ആഡംബര കപ്പൽ ഏത്?

(A) ഈഗിൾ ഹാമിൽടൺ
(B) അംബീഷൻ
(C) എം.വി. ഹോൺഡിയസ്
(D) സിൽവർ എൻഡീവർ

9. ഇന്ത്യയുടെ പുതിയ സംയുക്ത സേനാമേധാവി ആര്?

(A) ജനറൽ ഉപേന്ദ്ര ദ്വിവേദി
(B) ജനറൽ എൻ.എസ്. രാജ സുബ്രമണി
(C) അഡ്മിറൽ കൃഷ്ണ സ്വാമിനാഥൻ
(D) ജനറൽ അനിൽ ചൗഹാൻ

10. 'വി സെർവ് ടു സേവ്' ആരുടെ ആപ്തവാക്യമാണ്?

(A) കേരള ഫയർ ഫോഴ്സ്
(B) കേരള പോലീസ്
(C) കേരള എക്സൈസ്
(D) കേരള ഹോം ഗാർഡ്സ്

11. പഹൽഗാം ഭീകരാക്രമണത്തിന് മറുപടിയായി ഇന്ത്യ 'ഓപ്പറേഷൻ സിന്ദൂർ' ആരംഭിച്ചത് എന്ന്?

(A) 2025 ഏപ്രിൽ 22 (B) 2025 മെയ് 7

(C) 2025 ജൂൺ 14 (D) 2025 ജൂലൈ 28

12. താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ ശരിയായിട്ടുള്ളവ കണ്ടെത്തുക :

(i) അഗ്നി-5 : ഇന്ത്യയുടെ ഏറ്റവും പുതിയ അതിദൂര ബാലിസ്റ്റിക് മിസൈൽ

(ii) ധനുഷ് : ഇന്ത്യയുടെ കപ്പൽ അധിഷ്ഠിത ഹ്രസ്വദൂര ബാലിസ്റ്റിക് മിസൈൽ

(iii) ഇറേസർ : ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ചെടുത്ത, അന്തർവാഹിനികളെ തകർക്കാൻ ഉപയോഗിക്കുന്ന റോക്കറ്റ്

(iv) ഗൈഡഡ് പിനാക : ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ചെടുത്ത അത്യാധുനിക മൾട്ടി ബാരൽ റോക്കറ്റ് സംവിധാനം

(A) (i), (ii), (iii) എന്നിവ ശരിയാണ്

(B) (ii), (iii), (iv) എന്നിവ ശരിയാണ്

(C) (i), (iii), (iv) എന്നിവ ശരിയാണ്

(D) എല്ലാം ശരിയാണ്

13. താഴെ കൊടുത്തിരിക്കുന്നതിൽ ശരിയായിട്ടുള്ളവ കണ്ടെത്തുക :

(i) സുമൻ ബേരി : നീതി ആയോഗിന്റെ സി.ഇ.ഒ.

(ii) സഞ്ചയ് മൽഹോത്ര : റിസർവ്വ് ബാങ്ക് ഗവർണ്ണർ

(iii) ശശി ശേഖർ വെമ്പതി : സെൻസർ ബോർഡിന്റെ ചെയർമാൻ

(iv) സൗരഭ് വിജയ് : യുനീക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യയുടെ സി.ഇ.ഒ.

(A) (i), (ii), (iii) എന്നിവ ശരിയാണ്

(B) (ii), (iii), (iv) എന്നിവ ശരിയാണ്

(C) (i), (iii), (iv) എന്നിവ ശരിയാണ്

(D) എല്ലാം ശരിയാണ്

14. കേരളത്തിൽ നമ്പൂതിരി സ്ത്രീകളുടെ 'മറക്കുട ബഹിഷ്കരണ യാത്ര'യ്ക്ക് നേതൃത്വം നൽകിയ നവോത്ഥാന വനിത ആര്?

(A) ആര്യ പള്ളം

(B) പാർവ്വതി നെന്മിനിമംഗലം

(C) കെ.സി. നാരായണി അമ്മ

(D) ശാരദ അമ്മാൾ

15. കേരളത്തിലെ ചില സാമൂഹ്യ പരിഷ്കർത്താക്കളെയും അവർക്ക് നൽകിയ വിശേഷണങ്ങളും താഴെ കൊടുത്തിരിക്കുന്നു. ഇവയിൽ യോജിക്കാത്തത് കണ്ടെത്തുക :

(i) മന്നത്ത് പദ്മനാഭൻ : കേരളത്തിന്റെ മദൻമോഹൻ മാളവ്യ

(ii) വേലുക്കുട്ടി അരയൻ : കേരള ലിങ്കൺ

(iii) അയ്യത്താൻ ഗോപാലൻ : കേരളത്തിന്റെ രാജാറാം മോഹൻ റോയി

(iv) വാഗ്ഭടാനന്ദൻ : മലബാറിലെ ശ്രീനാരായണ ഗുരു

(A) (i) തെറ്റാണ്

(B) (ii) തെറ്റാണ്

(C) (iii), (iv) എന്നിവ തെറ്റാണ്

(D) (i), (iii), (iv) എന്നിവ തെറ്റാണ്

16. മധ്യകാല കേരളത്തിൽ കോഴിക്കോട് കേന്ദ്രമാക്കി ഭരണം നടത്തിയിരുന്ന സാമൂതിരിമാർ ഏത് സ്വരൂപത്തിലാണ് ഉൾപ്പെടുന്നത്?

(A) പെരുമ്പടപ്പ് സ്വരൂപം

(B) തൃപ്പാപ്പൂർ സ്വരൂപം

(C) നെടിയിരുപ്പ് സ്വരൂപം

(D) കോല സ്വരൂപം

17. കേരളത്തിൽ യൂറോപ്യൻ അധിനിവേശത്തിനെതിരെ നടന്ന പ്രധാന ചെറുത്തുനിൽപ്പുകൾ താഴെ കൊടുത്തിരിക്കുന്നു. അവയുടെ ശരിയായ കാലക്രമം കണ്ടെത്തുക :

(i) കുളച്ചൽ യുദ്ധം

(ii) പഴശ്ശി സമരങ്ങൾ

(iii) ആറ്റിങ്ങൽ കലാപം

(iv) കുറിച്യ കലാപം

(A) (i), (ii), (iv), (iii)

(B) (ii), (i), (iii), (iv)

(C) (iii), (i), (ii), (iv)

(D) (iv), (ii), (i), (iii)

18. 1931-32-ൽ നടന്ന ഗുരുവായൂർ സത്യാഗ്രഹത്തിന്റെ ഭാഗമായി ക്ഷേത്രപ്രവേശനം സംബന്ധിച്ച പൊതുജനാഭിപ്രായം അറിയാനായി ഹിതപരിശോധന നടത്തിയ താലൂക്ക് ഏത്?

(A) തൃശ്ശൂർ

(B) കുന്നംകുളം

(C) ചാവക്കാട്

(D) പൊന്നാനി

19. ഐക്യകേരളത്തിന്റെ രൂപീകരണത്തിലേക്ക് നയിച്ച പ്രധാന കാൽവെയ്പ്പായ തിരു-കൊച്ചി സംയോജനം നടന്നത് എന്ന്?

(A) ജൂൺ 1, 1949

(B) ജൂലൈ 1, 1949

(C) നവംബർ 1, 1949

(D) നവംബർ 1, 1956

20. കേരളത്തിലെ ഏറ്റവും വലിയ ചുമർ ചിത്രമായ 'ഗജേന്ദ്രമോക്ഷം' ഏത് കൊട്ടാരത്തിലാണ് ഉള്ളത്?

(A) കൃഷ്ണപുരം കൊട്ടാരം

(B) ഹിൽപ്പാലസ്

(C) പത്മനാഭപുരം കൊട്ടാരം

(D) കനകക്കുന്ന് കൊട്ടാരം

21. ലോകത്തിലെ ഏറ്റവും നീളം കൂടിയ ഒറ്റത്തൂൺ തൂക്കുപാലമായ ദാൻജിയാങ് പാലം സ്ഥിതി ചെയ്യുന്ന രാജ്യം ഏത്?

(A) ചൈന (B) ജപ്പാൻ

(C) തായ്‌വാൻ (D) സൈബീരിയ

22. ഇന്ത്യയിലെ 18-ാമത്തെ റെയിൽവെ സോണായ സൗത്ത് കോസ്റ്റ് റെയിൽവെ സോണിന്റെ ആസ്ഥാനം എവിടെ?

(A) കൊൽക്കത്ത (B) ബിലാസ്പൂർ

(C) സെക്കന്തരാബാദ് (D) വിശാഖപട്ടണം

23. ഫോബ്സ് പ്രസിദ്ധീകരിച്ച 2025-ലെ ഏറ്റവും മികച്ച ബാങ്കുകളുടെ പട്ടികയിൽ ഉൾപ്പെടാത്ത കേരളത്തിലെ ബാങ്ക് ഏത്?

(A) സൗത്ത് ഇന്ത്യൻ ബാങ്ക്

(B) ഫെഡറൽ ബാങ്ക്

(C) ധനലക്ഷ്മി ബാങ്ക്

(D) കേരള ഗ്രാമീണ ബാങ്ക്

24. സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും സംയോജിപ്പിച്ചുകൊണ്ട് കേരള ബാങ്ക് രൂപീകരിച്ച സമയത്ത് അതിൽ ലയിക്കാതിരുന്ന ഏക ജില്ലാ സഹകരണ ബാങ്ക് ഏത്?

(A) കണ്ണൂർ ജില്ലാ സഹകരണ ബാങ്ക്

(B) കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക്

(C) മലപ്പുറം ജില്ലാ സഹകരണ ബാങ്ക്

(D) തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക്

25. സ്വകാര്യ പങ്കാളിത്തത്തോടെയുള്ള കേരളത്തിലെ ആദ്യത്തെ ചെറുകിട ജലവൈദ്യുത പദ്ധതി ഏത്?

(A) മാട്ടുപ്പെട്ടി പദ്ധതി

(B) മീൻവല്ലം പദ്ധതി

(C) മണിയാർ പദ്ധതി

(D) ആനക്കയം പദ്ധതി

26. ഇറാനിലെ ചബഹാർ തുറമുഖത്തിന്റെ നടത്തിപ്പ് ചുമതലയുള്ള രാജ്യം ഏത്?

(A) അമേരിക്ക (B) ഇസ്രായേൽ

(C) ഇന്ത്യ (D) ഖത്തർ

27. ഭൂമദ്ധ്യരേഖ കടന്നുപോകുന്ന ഏക ഏഷ്യൻ രാജ്യമേത്?

(A) ഇന്തോനേഷ്യ (B) വിയറ്റ്നാം

(C) കമ്പോഡിയ (D) തായ്‌ലാൻഡ്

28. ഏത് സമുദ്രത്തിലെ കാലാവസ്ഥാ വ്യതിയാനമാണ് 'എൽനിനോ' എന്നറിയപ്പെടുന്നത്?

(A) അറ്റ്ലാൻറിക് സമുദ്രം (B) ആർട്ടിക് സമുദ്രം

(C) ഇന്ത്യൻ മഹാസമുദ്രം (D) പസഫിക് സമുദ്രം

29. അൾട്രാവയലറ്റ് രശ്മികളെ ആഗിരണം ചെയ്ത് ഭൂമിയിലെ ജീവജാലങ്ങളെ സംരക്ഷിക്കുന്ന ഓസോൺ പാളി അന്തരീക്ഷത്തിലെ ഏത് പാളിയിലാണ് സ്ഥിതിചെയ്യുന്നത്?

(A) ട്രോപ്പോസ്ഫിയർ (B) സ്ട്രാറ്റോസ്ഫിയർ

(C) മിസോസ്ഫിയർ (D) എക്സോസ്ഫിയർ

30. 2026-ലെ ഏത് ദിനാചരണത്തിന്റെ ഔദ്യോഗിക പ്രമേയമാണ് "പ്രകൃതിയിൽ നിന്ന് പ്രചോദനമുൾക്കൊണ്ട്, കാലാവസ്ഥയ്ക്കുവേണ്ടി, നമ്മുടെ ഭാവിക്കുവേണ്ടി" എന്നത്?

(A) ലോക കാലാവസ്ഥാ ദിനം

(B) ലോക ഭൗമ ദിനം

(C) ലോക സമുദ്ര ദിനം

(D) ലോക പരിസ്ഥിതി ദിനം

31. ഏത് സംസ്ഥാനത്തിലാണ് 2025-ൽ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ ആദ്യമായി തീവ്ര വോട്ടർ പട്ടിക പരിഷ്കരണ പദ്ധതി (എസ്.ഐ.ആർ.) ആരംഭിച്ചത്?

(A) പശ്ചിമ ബംഗാൾ (B) ബീഹാർ

(C) പുതുച്ചേരി (D) അസം

32. ഏത് തിരഞ്ഞെടുപ്പിലാണ് കേരളത്തിലെ നിയമസഭാ സീറ്റുകളുടെ എണ്ണം 140 ആയി ഉയർത്തിയത്?

(A) 1967 (B) 1977

(C) 1980 (D) 1982

33. സൈബർ നിയമങ്ങൾ താഴെ കൊടുത്തിരിക്കുന്നതിൽ ഏതിലാണ് ഉൾപ്പെടുന്നത്?

(A) കേന്ദ്ര ലിസ്റ്റ്

(B) സംസ്ഥാന ലിസ്റ്റ്

(C) സമവർത്തി ലിസ്റ്റ്

(D) അവശിഷ്ട അധികാരങ്ങൾ

34. ഇന്ത്യയിൽ പഞ്ചായത്ത് രാജ് സംവിധാനം ആദ്യമായി നടപ്പിലാക്കിയ സംസ്ഥാനം ഏത്?

(A) കേരളം (B) ആന്ധ്രാപ്രദേശ്

(C) രാജസ്ഥാൻ (D) ഉത്തർപ്രദേശ്

35. കേരളത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വകുപ്പിന്റെ ചുമതലയുള്ള മന്ത്രി ആര്?

(A) എൻ. ഷംസുദ്ദീൻ

(B) കുഞ്ഞാലിക്കുട്ടി

(C) രമേശ് ചെന്നിത്തല

(D) റോജി എം. ജോൺ

36. സൈബർ സുരക്ഷാ പ്രതിരോധവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ക്ലോഡ് മിഥോസ് പ്രിവ്യു, ക്ലോഡ് കോഡ് സെക്യൂരിറ്റി എന്നീ എ.ഐ. ടൂളുകൾ തയ്യാറാക്കിയ അമേരിക്കൻ കമ്പനി ഏത്?

(A) എൻവിഡിയ (B) അർബിന്റ്

(C) ആന്ത്രോപിക്ക് (D) ഡാറ്റാമിൻ

37. ഇന്ത്യൻ വംശജയും അമേരിക്കൻ ബഹിരാകാശ സഞ്ചാരിയുമായ സുനിതാ വില്യംസുമായി ബന്ധപ്പെട്ട ചില പ്രസ്താവനകൾ താഴെകൊടുക്കുന്നു. ശരിയായവ കണ്ടെത്തുക :

(i) ബഹിരാകാശ നിലയത്തിൽവെച്ച് മാരത്തോൺ ഓടിയ ആദ്യ വ്യക്തി

(ii) ബഹിരാകാശത്ത് ഏറ്റവും കൂടുതൽ സമയം സ്പേസ് വാക്ക് ചെയ്ത വനിത

(iii) 2024 ജൂണിൽ ബോയിങ് സ്റ്റാർലൈനർ പേടകത്തിൽ ഒരാഴ്ചത്തെ ദൗത്യത്തിനായി അവസാനമായി ബഹിരാകാശത്തേക്ക് പോയി

(iv) 2025 മാർച്ചിൽ സ്പേസ് എക്സിന്റെ ക്രൂ-11 പേടകത്തിൽ ഭൂമിയിൽ തിരിച്ചെത്തി

(A) (ii), (iv) എന്നിവ ശരിയാണ്

(B) (ii), (iii), (iv) എന്നിവ ശരിയാണ്

(C) (i), (iii) എന്നിവ ശരിയാണ്

(D) എല്ലാം ശരിയാണ്

38. തൊഴിലിടത്തെ ലൈംഗിക അതിക്രമം തടയാനുള്ള ആക്ട് ഏത്?

(A) പോക്സോ ആക്ട്

(B) പോഷ് ആക്ട്

(C) ഭാരതീയ ന്യായ സംഹിത

(D) വിശാഖ ഗൈഡ്ലൈൻസ്

39. കള്ളപ്പണം വെളുപ്പിക്കുന്നത് തടയുന്നതിനും, അത്തരത്തിൽ സമ്പാദിക്കുന്ന സ്വത്തുക്കൾ കണ്ട്കെട്ടുന്നതിനുമായി ഇന്ത്യൻ പാർലമെന്റ് പാസാക്കിയ നിയമം ഏത്?

(A) ബ്ലോവേഴ്സ് പ്രൊട്ടക്ഷൻ ആക്ട്

(B) സെൻട്രൽ വിജിലൻസ് കമ്മീഷൻ ആക്ട്

(C) പി.എം.എൽ.എ. ആക്ട്

(D) ലോക്പാൽ ലോകായുക്ത ആക്ട്

40. താഴെ കൊടുത്തിരിക്കുന്ന പദ്ധതികളിൽ ശരിയായിട്ടുള്ളവ കണ്ടെത്തുക :

(i) ഓപ്പറേഷൻ പ്രൊജക്ട് സിറോ : അഴിമതിരഹിത കേരളം ലക്ഷ്യമിട്ട് വിജിലൻസ് പ്രഖ്യാപിച്ച പുതിയ പദ്ധതി

(ii) ജനനി : ലഹരിക്കെതിരെ കേരളത്തിലെ ആഭ്യന്തരവകുപ്പ് ആരംഭിച്ച ഏറ്റവും പുതിയ പദ്ധതി

(iii) കിഡ് ഗ്ലോവ് പ്രൊജക്ട് : സൈബർ ഭീഷണികളിൽ നിന്നുള്ള സംരക്ഷണത്തെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം വളർത്താൻ കേരള പോലീസ് ആരംഭിച്ച പദ്ധതി

(iv) അൻപ് വീട് : രക്ഷിതാക്കളുടെ അഭാവത്തിൽ ഭിന്നശേഷിക്കാർക്ക് സംരക്ഷണം ഉറപ്പാക്കാൻ കേരള സാമൂഹിക നീതി വകുപ്പ് ആവിഷ്കരിച്ച പുതിയ പദ്ധതി

(A) (i), (ii), (iv) എന്നിവ ശരിയാണ്

(B) (ii), (iii), (iv) എന്നിവ ശരിയാണ്

(C) (i), (iii), (iv) എന്നിവ ശരിയാണ്

(D) (i), (ii), (iii) എന്നിവ ശരിയാണ്

41. 2026-ൽ യു.എസിലെ പുലിറ്റ്സർ സമ്മാനം ലഭിച്ച ഇന്ത്യാക്കാരായ ആർ.കെ. ആനന്ദ്, സുപർണാ ശർമ എന്നിവർക്ക് താഴെകൊടുത്തിരിക്കുന്നതിൽ ഏത് കാറ്റഗറിയിലാണ് പുരസ്കാരം ലഭിച്ചത്?

(A) ഇൻവെസ്റ്റിഗേറ്റീവ് റിപ്പോർട്ടിംഗ്

(B) ഫീച്ചർ ഫോട്ടോഗ്രഫി

(C) ബ്രേക്കിംഗ് ന്യൂസ് റിപ്പോർട്ടിംഗ്

(D) ബ്രേക്കിംഗ് ന്യൂസ് ഫോട്ടോഗ്രഫി

42. 2026-ലെ പത്മ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചതിൽ കേരളത്തിൽ നിന്നും കലയുടെ മേഖലയിൽ 'പത്മശ്രീ' ലഭിച്ചത് ആർക്ക്?

(A) മമ്മൂട്ടി

(B) പി. നാരായണൻ

(C) വിമല മേനോൻ

(D) കൊല്ലയ്ക്കയിൽ ദേവകിയമ്മ

43. 2026-ലെ കാൻ ചലച്ചിത്ര മേളയിൽ 'കാൻ ക്ലാസിക്സ്' വിഭാഗത്തിൽ പ്രദർശിപ്പിച്ച ഏക മലയാള ചിത്രമേത്?

(A) അമ്മ അറിയാൻ

(B) ബാലൻ:ദ ബോയ്

(C) ശേഷിപ്പ്-ദ റമ്നന്റ്

(D) ഷാഡോസ് ഓഫ് ദ മൂൺലെസ് നൈറ്റ്

44. ഏത് സാഹിത്യകാരന്റെ ഓർമ്മയ്ക്കായിട്ടാണ് 'ആകാശ മിഠായി' എന്ന സാംസ്കാരിക നിലയം പണികഴിപ്പിച്ചത്?

(A) എസ്.കെ. പൊറ്റെക്കാട്

(B) വൈക്കം മുഹമ്മദ് ബഷീർ

(C) എം.ടി. വാസുദേവൻ നായർ

(D) പി. കുഞ്ഞിരാമൻ നായർ

45. 'കണ്യാർകളി' ഏത് ജില്ലയിൽ മാത്രം പ്രചാരമുള്ള അനുഷ്ഠാന കലാരൂപമാണ്?

(A) വയനാട് (B) കാസർഗോഡ്

(C) ഇടുക്കി (D) പാലക്കാട്

46. വികസ്വര രാജ്യങ്ങളുടെ അന്താരാഷ്ട്ര കൂട്ടായ്മയായ ബ്രിക്സിൽ ഏറ്റവും അവസാനം ചേർന്ന രാജ്യമേത്?

(A) എത്യോപ്യ (B) ഈജിപ്റ്റ്

(C) ഇന്തോനേഷ്യ (D) ചൈന

47. ഐക്യരാഷ്ട്ര സഭയുടെ ജനസംഖ്യ സംബന്ധിച്ച ഏജൻസിയായ യുണൈറ്റഡ് നേഷൻസ് പോപ്പുലേഷൻ ഫണ്ടിന്റെ (യു.എൻ.എഫ്.പി.എ.) ആസ്ഥാനം എവിടെ സ്ഥിതി ചെയ്യുന്നു?

(A) ജനീവ
(B) പാരീസ്
(C) ലണ്ടൻ
(D) ന്യൂയോർക്ക് സിറ്റി

48. താഴെ കൊടുത്തിരിക്കുന്നവയിൽ നോർഡിക് രാജ്യങ്ങളിൽ ഉൾപ്പെടാത്തത് ഏത്?

(A) നോർവെ
(B) റഷ്യ
(C) ഡെന്മാർക്ക്
(D) സ്വീഡൻ

49. ഇ-സ്പോർട്സുമായി ബന്ധപ്പെട്ട് താഴെക്കൊടുത്തിരിക്കുന്നതിൽ ശരിയായവ കണ്ടെത്തുക :

(i) ജക്കാർത്തയിൽ നടന്ന 2018-ലെ ഏഷ്യൻ ഗെയിംസിൽ ആദ്യമായി ഇ-സ്പോർട്സിനെ ഒരു പ്രദർശന ഇനമായി ഉൾപ്പെടുത്തി
(ii) ഹാങ്ഷൗവിൽ 2023-ൽ നടന്ന ഏഷ്യൻ ഗെയിംസിൽ ഇ-സ്പോർട്സിനെ ഔദ്യോഗിക മെഡൽ ഇനമായി ഉൾപ്പെടുത്തി
(iii) നാഷണൽ സ്പോർട്സ് ഗവേണൻസ് ആക്ട് 2025 പ്രകാരമാണ് ഇന്ത്യയിൽ ഇ-സ്പോർട്സിനെ ഒരു ഔദ്യോഗിക കായിക ഇനമായി പ്രഖ്യാപിച്ചത്
(iv) ഇ-സ്പോർട്സ് ഫെഡറേഷൻ ഓഫ് ഇന്ത്യയാണ് ഇന്ത്യയിലെ ഇ-സ്പോർട്സ് മത്സരങ്ങൾ നിയന്ത്രിക്കുന്നത്

(A) (i), (ii), (iii) എന്നിവ ശരിയാണ്
(B) (ii), (iii), (iv) എന്നിവ ശരിയാണ്
(C) (i), (ii), (iv) എന്നിവ ശരിയാണ്
(D) എല്ലാം ശരിയാണ്

50. 2026-ലെ ഫുട്ബോൾ ലോകകപ്പിനുള്ള ഏത് രാജ്യത്തിന്റെ ടീമിലേക്കാണ് മലയാളിയായ തഹ്സിൻ മുഹമ്മദ് ജംഷീദ് തിരഞ്ഞെടുക്കപ്പെട്ടത്?


(A) ഇറാൻ
(B) ഖത്തർ
(C) സൗദി അറേബ്യ
(D) ന്യൂസിലൻഡ്

51. $4.67+5\frac{3}{4}$ എത്ര?

(A) 10.42 (B) 9.42

(C) 10.32 (D) 9.32

52. ചിത്രത്തിൽ രണ്ട് സമചതുരങ്ങൾ വരച്ചിരിക്കുന്നു. ചെറിയ സമചതുരത്തിന്റെ വശത്തിന്റെ നീളം ഒരു സെന്റീമീറ്റർ ആയാൽ വലിയ സമചതുരത്തിന്റെ പരപ്പളവ് എത്ര ചതുരശ്ര സെന്റീമീറ്റർ?



(A) $\sqrt{2}$ (B) $2\sqrt{2}$

(C) 4 (D) 2

53. ഒരു വൃത്തത്തിൽ 10 ബിന്ദുക്കൾ അടയാളപ്പെടുത്തിയിരിക്കുന്നു. ഇവ തമ്മിൽ പരമാവധി എത്ര ഞാൺ വരയ്ക്കാൻ കഴിയും?

(A) 55 (B) 45


(C) 50 (D) 25

54. ചുവടെ കൊടുത്തിരിക്കുന്നവയിൽ അഭാജ്യ സംഖ്യ ഏത്?

(A) 97 (B) 87

(C) 91 (D) 51

55. ചിത്രത്തിൽ A, B ചതുരത്തിന്റെ വശങ്ങളുടെ മധ്യ ബിന്ദുക്കളാണ്. കറുപ്പിച്ചിരിക്കുന്ന ത്രികോണത്തിന്റെ പരപ്പളവ് എത്ര ചതുരശ്ര സെന്റീമീറ്റർ?




(A) 1
(B) 2
(C) 3
(D) 4

56. ഒരു കൂടയിലെ 200 മുട്ടകളിൽ നിന്നും ഒരു കേടുവന്ന മുട്ട ലഭിക്കാനുള്ള സാധ്യത 0.025 ആണെങ്കിൽ കേടുവന്ന മുട്ടകളുടെ എണ്ണം എത്ര?

(A) 5
(B) 12
(C) 10
(D) 15

57. 20 പേർ 10 ദിവസം കൊണ്ട് ഒരു ജോലി പൂർത്തിയാക്കിയാൽ 25 പേർ എത്ര ദിവസം കൊണ്ട് ആ ജോലി പൂർത്തിയാക്കാൻ കഴിയും?

(A) 9
(B) 8
(C) 7
(D) 6

58. ഒരു സംഖ്യയോട് അതിന്റെ അഞ്ചിൽ ഒന്ന് കൂട്ടിയപ്പോൾ 60 കിട്ടി. സംഖ്യ ഏതാണ്?

(A) 40
(B) 45
(C) 50
(D) 55

59. ആദ്യത്തെ 11 ഏഴിന്റെ ഗുണിതങ്ങളുടെ ശരാശരി എത്ര?

(A) 42
(B) 35
(C) 49
(D) 63

60. ഒരു കലണ്ടറിൽ നാല് സംഖ്യകളുടെ ഒരു സമചതുരം അടയാളപ്പെടുത്തിയിരിക്കുന്നു. സംഖ്യകളുടെ തുക 56 ആയാൽ ഏറ്റവും വലിയ സംഖ്യ എത്രയാണ്?

(A) 10
(B) 17
(C) 18
(D) 11

61. ഒരു മുതിർന്ന മനുഷ്യനിൽ ശരാശരി എത്ര ലിറ്റർ രക്തം ഉണ്ട്?

(A) 1 മുതൽ 2 വരെ

(B) 5 മുതൽ 6 വരെ

(C) 8 മുതൽ 10 വരെ

(D) 7 മുതൽ 8 വരെ

62. മനുഷ്യഹൃദയത്തിൽ എത്ര അറകൾ ഉണ്ട്?

(A) 2 (B) 3

(C) 4 (D) 5

63. മനുഷ്യശരീരത്തിൽ എത്ര വാരിയെല്ലുകൾ ഉണ്ട്?

(A) 6 (B) 12

(C) 18 (D) 24

64. മനുഷ്യരുടെ സാധാരണ രക്തസമ്മർദ്ദം എത്രയാണ്?

(A) 160/50 mmHg (B) 120/80 mmHg

(C) 150/100 mmHg (D) 123/60 mmHg

65. മനുഷ്യന്റെ ആമാശയത്തിൽ ഉൽപാദിപ്പിക്കുന്ന ആസിഡ് ഏത് പേരിലാണ് അറിയപ്പെടുന്നത്?

(A) ഹൈഡ്രോക്ലോറിക് ആസിഡ്

(B) സൾഫ്യൂറിക് ആസിഡ്

(C) അസറ്റിക് ആസിഡ്

(D) സിട്രിക് ആസിഡ്

66. വിറ്റാമിൻ സി യുടെ മറ്റൊരു പേര് താഴെ പറയുന്നവയിൽ ഏതാണ്?

(A) പിരി ഡോക്സിൻ (B) പിരി ഡോക്സ് അമയിൻ

(C) ഫോർമിക് ആസിഡ് (D) അസ്കോർബിക് ആസിഡ്

67. ഇവയിൽ ഏതിന്റെ അഭാവം മൂലമാണ് റിക്കറ്റ്സ് രോഗം ഉണ്ടാകുന്നത്?

(A) വൈറ്റമിൻ ഡി (B) വൈറ്റമിൻ സി

(C) വൈറ്റമിൻ ബി (D) വൈറ്റമിൻ എ

68. തൈറോയ്ഡിന്റെ പ്രവർത്തനത്തെ നിയന്ത്രിക്കുന്ന ധാതു (mineral) ഏതാണ്?

(A) അയഡിൻ (B) സോഡിയം

(C) പൊട്ടാസ്യം (D) സോഡിയം ക്ലോറൈഡ്

69. സൂര്യപ്രകാശം ശരീരത്തിൽ ഏൽക്കുന്നതിലൂടെ ശരീരത്തിൽ ഉണ്ടാകുന്ന ജീവകം (vitamin) ഏതാണ്?

(A) ജീവകം എ
(B) ജീവകം ബി
(C) ജീവകം സി
(D) ജീവകം ഡി

70. താഴെ പറയുന്നവയിൽ ഏതാണ് ഹരിത ഗൃഹ വാതകം അല്ലാത്തത്?

(A) കാർബൺ ഡൈ ഓക്സൈഡ്
(B) മീതേയിൻ
(C) നൈട്രജൻ
(D) നൈട്രസ് ഓക്സൈഡ്

71. താഴെപ്പറയുന്ന ഇന്ധനങ്ങളിൽ ഏതാണ് ഏറ്റവും കുറഞ്ഞ പരിസ്ഥിതി മലിനീകരണത്തിന് കാരണമാകുന്നത്?

(A) ഡീസൽ
(B) പെട്രോൾ
(C) ഹൈഡ്രജൻ
(D) കൽക്കരി

72. ഭോപ്പാൽ ദുരന്ത സമയത്ത് പുറത്തുവിട്ട വിഷ വാതകം ഏതാണ്?

(A) ഓക്സിജൻ ഐസോസയനേറ്റ്
(B) കാർബൺ ഡൈ ഓക്സൈഡ്
(C) കാർബൺ മോണോക്സൈഡ്
(D) മീഥയിൽ ഐസോ സയനേറ്റ്

73. ജൈവ വൈവിധ്യത്തിനായുള്ള അന്താരാഷ്ട്ര ദിനം എപ്പോഴാണ് ആഘോഷിക്കുന്നത്?

(A) മെയ് 22
(B) ജൂൺ 5
(C) ഏപ്രിൽ 21
(D) ജൂലൈ 6

74. ഒരു പ്രത്യേക ഭൂമിശാസ്ത്രപരമായ പ്രദേശത്ത് മാത്രം കാണുന്നതും ലോകത്ത് മറ്റൊരിടത്തും കാണപ്പെടാത്തതും ആയ സസ്യങ്ങളെയും ജന്തുജാലങ്ങളെയും എന്തു വിളിക്കുന്നു?

(A) എലിയൻ സ്പീഷിസ് (alien species)
(B) ഇൻവേസീവ് സ്പീഷിസ് (invasive species)
(C) എൻഡെമിക് സ്പീഷിസ് (endemic species)
(D) ഫൗണ്ടേഷൻ സ്പീഷിസ് (foundation species)

75. താഴെപ്പറയുന്നവയിൽ ഏതാണ് അലോഹം?

(A) ഫെറം (B) ലിഥിയം

(C) അയഡിൻ (D) റുബീഡിയം

76. സാധാരണ ഊഷ്മാവിൽ ദ്രാവകാവസ്ഥയിൽ കാണപ്പെടുന്ന ലോഹം ഏതാണ്?

(A) ലിഥിയം (B) മെർക്കുറി

(C) പൊട്ടാസ്യം (D) കാൽസ്യം

77. പഞ്ചസാരയിൽ അടങ്ങിയിരിക്കുന്ന മൂലകങ്ങൾ ഏതെല്ലാം?

(A) കാർബൺ, ഹൈഡ്രജൻ, ഓക്സിജൻ

(B) ഹൈഡ്രജൻ, ഓക്സിജൻ, നൈട്രജൻ

(C) കാർബൺ, സോഡിയം, ഹൈഡ്രജൻ

(D) കാർബൺ, ഹൈഡ്രജൻ, നൈട്രജൻ

78. പ്രകാശസംശ്ലേഷണത്തിലെ വാതക ഉൽപ്പന്നം ഏതാണ്?

(A) നീരാവി

(B) കാർബൺ ഡൈ ഓക്സൈഡ്

(C) ഓക്സിജൻ

(D) ഹൈഡ്രജൻ

79. ഇരുമ്പ് (iron) എന്ന ലോഹ മൂലകത്തിന്റെ രാസനാമം എന്ത്?

(A) വൂൾഫ്രം (Wulfrum)

(B) ഫെറം (Ferrum)

(C) അർജന്റം (Argentum)

(D) കുപ്രം (Cuprum)

80. താഴെ പറയുന്നവയിൽ കറുത്തീയം (Lead) അടങ്ങിയ ലോഹ സങ്കരം ഏതാണ്?

(A) വിറ്റാലിയം (B) ഓട്

(C) ഇൻ വാർ (D) സോൾഡർ

81. താഴെ കൊടുത്തിരിക്കുന്നവയിൽ നാമവിശേഷണത്തിന്റെ ശുദ്ധരൂപം ഏത്?

(A) ചെറുപയർ (B) അയ്യമ്പൻ

(C) ഇരുനാഴി (D) അവിടം

82. ശരിയായ പ്രയോഗം തെരഞ്ഞെടുത്ത് എഴുതുക :

(A) സാമ്രാട്ട് (B) സമ്രാട്ട്

(C) സാമ്രാട് (D) സാമ്രട്ട്

83. 'ഭരതവാക്യം ചൊല്ലുക' എന്ന ശൈലിയുടെ അർത്ഥം എന്ത്?

(A) ഭരതൻ വാക്യം ചൊല്ലുക

(B) തമാശ പറയുക

(C) ആരംഭിക്കുക

(D) അവസാനിപ്പിക്കുക

84. 'മഞ്ഞ്' എന്ന നോവലിലെ നായികയുടെ പേരെന്ത്?

(A) വിമല (B) രാധ

(C) സുമിത്ര (D) സീത

85. 'ഉറൂബ്' എന്ന തൂലികാനാമം താഴെക്കൊടുത്തിരിക്കുന്ന ഏത് എഴുത്തുകാരന്റേതാണ്?

(A) കെ.ഇ. മത്തായി (B) പി.സി. കുട്ടിക്കൃഷ്ണൻ

(C) ജോർജ്ജ് വർഗ്ഗീസ് (D) കോവിലൻ

86. 'കൈകാലുകൾ' ഏതു സമാസമാണ്?

(A) തത്പുരുഷൻ
(B) ബഹുവ്രീഹി
(C) ദ്വന്ദ്വൻ
(D) കർമ്മധാരയൻ

87. ആദ്യ വയലാർ അവാർഡ് ലഭിച്ച നോവൽ ഏതാണ്?

(A) രണ്ടാമൂഴം
(B) അഗ്നിസാക്ഷി
(C) തട്ടകം
(D) നെല്ല്

88. 'വാഴയില' എന്ന പദത്തിലെ സന്ധി ഏതാണ്?

(A) ലോപസന്ധി
(B) ആദേശസന്ധി
(C) ദ്വിത്വസന്ധി
(D) ആഗമസന്ധി

89. 'Red Tape' നു തുല്യമായ മലയാള പദം ഏത്?

(A) ചുവപ്പ് നൂൽ
(B) ചുവപ്പ് നാട
(C) ചുവപ്പ് വള്ളി
(D) ചുവപ്പ് രാശി

90. 'Slow and steady wins the race' എന്നതിന്റെ ഉചിതമായ മലയാളശൈലി എടുത്തെഴുതുക :

(A) പയ്യെത്തിന്നാൽ പനയും തിന്നാം
(B) ഓടുന്ന പട്ടിയ്ക്ക് ഒരു മുഴം മുമ്പെ
(C) കാറ്റുള്ളപ്പോൾ തൂറ്റുക
(D) വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും

91. മഹാവിഷ്ണുവിന്റെ ക്ഷേത്രത്തിലെ കൊടിമരത്തിന് മുകളിൽ എന്താണ് പ്രതിഷ്ഠിക്കുന്നത്?

(A) ഗരുഡൻ (B) ഐരാവതം
(C) വാസുകി (D) ഋഷഭം

92. ചെങ്ങന്നൂർ മഹാദേവ ക്ഷേത്രത്തിൽ തൃപ്പൂത്താവുമ്പോൾ ദേവിയെ മാറ്റിയിരുത്തുന്ന ആലയത്തിന്റെ ദർശനം ഏത് ദിക്കിലേക്കാണ്?

(A) തെക്ക് (B) പടിഞ്ഞാറ്
(C) കിഴക്ക് (D) വടക്ക്

93. കേരളത്തിൽ ആദ്യം നട തുറക്കുന്ന ക്ഷേത്രം :

(A) തൃക്കണ്ടിയൂർ (B) തിരുവാമനപുരം
(C) തിരുവാർപ്പ് (D) തിരുനെല്ലി

94. പുറം മതിലിന്റെ മറ്റൊരു പേര് :

(A) ബാഹ്യഹാരാ (B) മര്യാദ
(C) മധ്യഹാര (D) അന്തർ മണ്ഡലം

95. സംഗീത പ്രധാനമായ വേദം :

(A) അഥർവ്വവേദം (B) യജൂർവേദം
(C) ഋഗ്വേദം (D) സാമവേദം

96. മാഹിഷ്മതി ആരുടെ പുത്രിയാണ്?

(A) വസിഷ്ഠൻ (B) അംഗീരസ്
(C) വിശ്വാമിത്രൻ (D) ദുർവ്വാസാവ്

97. ധ്വജയോനി കണക്കിലുള്ള ശ്രീകോവിലിന്റെ ദർശനം ഏത് ദിക്കിലേക്കാണ്?

(A) തെക്ക് (B) പടിഞ്ഞാറ്
(C) കിഴക്ക് (D) വടക്ക്

98. അദ്വൈത സിദ്ധാന്തത്തിന്റെ പ്രചാരകൻ ആര്?

(A) കൃപാചാര്യർ (B) മദ്ധ്വാചാര്യർ
(C) ശങ്കരാചാര്യർ (D) ദ്രോണാചാര്യർ

99. നവധാഭക്തിയിൽ പെടാത്തത് ഏത്?

(A) ശാന്തം (B) അർച്ചനം
(C) ദാസ്യം (D) സഖ്യം

100. അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് എന്ന നാടകം രചിച്ചത് ആര്?

(A) മന്നത്ത് പത്മനാഭൻ (B) കെ. കേളപ്പൻ
(C) ശ്രീനാരായണഗുരു (D) വി.ടി. ഭട്ടതിരിപ്പാട്

---